വിജയശ്രീ

# വയോജന പരിപാലനത്തിന് ഹർഷം പദ്ധതി

അയൽക്കൂട്ട അംഗങ്ങളിൽ താൽപര്യമുള്ളവർക്ക് ഉപജീവന പദ്ധതികൾ തയാറാക്കിക്കൊണ്ടു വരുമാനം വർധിപ്പിക്കുകയെന്നത് കുടുംബശ്രീയുടെ പ്രധാന ലക്ഷ്യമാണ്. കേരളത്തിൽ കൂടുതൽ ജോലി സാധ്യതയും അവസരങ്ങളുമുള്ളത് സേവന മേഖലയിലാണ്. സാന്ത്വന പരിചരണത്തിനും വയോജന പരിചരണത്തിനും സംരംഭക മാതൃക സ്വീകരിച്ചാൽ കൂടുതൽ അവസരങ്ങളുണ്ടെന്നു മനസ്സിലാക്കി കുടുംബശ്രീ ആരംഭിച്ച പദ്ധതിയാണ് ഹർഷം.

കുടുംബശ്രീയുടെ ജെറിയാട്രിക് കെയർ (വയോജന പരിചരണ) എക്സിക്യൂട്ടീവുകളുടെ പരിശീലന പദ്ധതിയാണു 'ഹർഷം'. പരിചരണം ആവശ്യമുള്ള ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ എണ്ണം കേരളത്തിൽ വർധിച്ചുവരുന്നു. ആധുനിക പരിശീലനം ലഭിച്ചതുമായ ഒരുകൂട്ടം ആളുകളെ വളർത്തിയെടുത്ത് ഈയൊരു സാമൂഹിക പ്രശ്നത്തിനു പരിഹാരം കാണാനും. സേവകർക്ക് വരുമാനം ലഭിക്കുമെന്നതിലാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. 15 ദിവസം ആശുപത്രിയിൽ നിന്നു പരിചരണ സേവനം നൽകിയാണ് ഇവരുടെ പരിശീലനം.

കഴിഞ്ഞ വർഷം ഇരുനൂറോളം താൽപര്യമുള്ള ആളുകൾ മുന്നോട്ടു വന്ന് പരിശീലനം നേടി. അവരിൽ പലർക്കും വിവിധ വീടുകളിലും സ്ഥാപനങ്ങളിലും ആശുപത്രികളിലുമായി സ്ഥിരം ജോലി ലഭിക്കുകയും ചെയ്തു. ഈ വർഷം കൂടുതൽ മികച്ച രീതിയിൽ പദ്ധതി മുന്നോട്ടു കൊണ്ടുപോകും. രണ്ടായിരം ജെറിയാട്രിക് കെയർ ഗിവേഴ്സിനെ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുമെന്ന് സംസ്ഥാന ബജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. മറ്റു പല തൊഴിൽമേഖലകളിലുമുള്ളതു പോലെ സ്വന്തം വീടുവിട്ടു മാറിനിൽക്കേണ്ടി വരുമെന്നതുൾപ്പെടെയുള്ള വെല്ലുവിളികൾ ഈ തൊഴിലിനുമുണ്ടെന്നു തിരിച്ചറിഞ്ഞ് അതനുസരിച്ചു പ്രവർത്തിക്കാൻ സാഹചര്യവും സേവന മനോഭാവവും താൽപര്യവുമുള്ളവർ പദ്ധതിയുടെ ഭാഗമാകാൻ സിഡിഎസിലോ ജില്ലാ മിഷനിലോ ബന്ധപ്പെടേണ്ടതാണ്.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ



# ചവിട്ടി ഉണ്ടാക്കി 2.50 ലക്ഷം!

മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ ഇടപ്പലംവീട്ടിലെ സിന്ധുശ്രീ എന്ന യുവതി. രാജ് ഫ്ലോർമാറ്റ്സ് എന്ന ചവിട്ടി നിർമാണ യൂണിറ്റിന്റെ സാരഥിയാണ് അവർ. ഈ വ്യക്തിഗത സംരംഭം വഴി 22 വനിതകൾക്കു (രണ്ട് യൂണിറ്റ്) സിന്ധു തൊഴിൽ നൽകിയിരിക്കുന്നു.

2012ൽ ഭർത്താവിന് അപകടം ഉണ്ടായതോടെയാണ് കുടുംബത്തിന്റെ നിത്യവൃത്തിക്കായി ഒരു സംരംഭകയാകാൻ സിന്ധു തീരുമാനിക്കുകയായിരുന്നു. ഒരിക്കൽ അഹമ്മദാബാദിലുള്ള സുഹൃത്തിനെ സന്ദർശിക്കുമ്പോൾ അവിടെ കണ്ട തറിയെക്കുറിച്ചും ചവിട്ടികൾ തറിയിൽ നെയ്തെടുക്കുന്നതും കണ്ട ഓർമയാണ് സിന്ധുവിനെ ഇന്നീ നിലയിലെത്തിച്ചത്. എന്തുകൊണ്ട് ചെറിയ തോതിലാണെങ്കിലും ചവിട്ടികൾ ഉൽപാദിപ്പിച്ച് വിറ്റുകൂട എന്ന ചിന്ത സിന്ധുവിനുണ്ടായി. പിന്നീട് എല്ലാം വേഗത്തിലായിരുന്നു.

കുടുംബത്തോടു തന്റെ ആശയത്തെക്കുറിച്ചു പറഞ്ഞു, അവരുടെ പൂർണപിന്തുണ നേടി, സുഹൃത്തിനെ വിളിച്ച് ഒരു തറി എത്തിച്ച് തരാൻ ആവശ്യപ്പെട്ടു. കാഞ്ചീപുരത്തെത്തി നൂലുകളെക്കുറിച്ചും നെയ്ത്താനും പഠിച്ചു, തിരുപ്പൂരിലെത്തി ചവിട്ടികളുണ്ടാക്കാൻ പ്രധാന അസംസ്കൃത വസ്തുവായ തുണി വേസ്റ്റിനെക്കുറിച്ചും നിരന്തരമായി അത് ലഭ്യമാക്കുന്നതിനായി ടെക്സ്റ്റൈൽ കമ്പനികളുമായി ധാരണയിലെത്തി. അങ്ങനെ വീട്ടിൽ ഒരു തറിയുമായി ചെറുതോതിൽ ഉൽപാദനം ആരംഭിച്ച സിന്ധു രണ്ടു മാസത്തിനുള്ളിൽ മൂന്ന് തറികൾ കൂടി വാങ്ങി.

2012ൽ 5.70 ലക്ഷം രൂപ മുതൽമുടക്കിലാണ് സിന്ധു സംരംഭത്തിനു തുടക്കമിട്ടത്. അതിൽ 1.5 ലക്ഷം രൂപ കുടുംബശ്രീയുടെ ടെക്നോളജി ഫണ്ടിൽ നിന്നു ലഭിച്ചു. ശേഷിച്ച തുക ബാങ്ക് വായ്പയായും കണ്ടെത്തി. വിവിധ കടകളിലും കുടുംബശ്രീ നടത്തുന്നതും അല്ലാത്തതുമായ വിപണന മേളകളിലും സ്ഥിരമായി സിന്ധു ഉൽപന്നങ്ങൾ വിൽപന നടത്തി. തമിഴ്നാട്ടിൽ നിന്നെത്തുന്ന ചവിട്ടികളേക്കാൾ കൂടുതൽ തുകയാകുമെന്നതിനാൽ തുടക്കത്തിൽ സിന്ധുവിന്റെ ഉത്പന്നങ്ങൾ വാങ്ങാൻ കച്ചവടക്കാർ മടിച്ചിരുന്നു. എന്നാൽ മികച്ച ഗുണനിലവാരമുള്ളതിനാൽത്തന്നെ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ കച്ചവടക്കാരുടെ മനോഭാവത്തിൽ മാറ്റം വരുകയും സ്ഥിരമായി ഓർഡർ ലഭിച്ചു തുടങ്ങുകയുമായിരുന്നു.

ഇപ്പോൾ മാസം രണ്ടു ലക്ഷം മുതൽ 2.50 ലക്ഷം രൂപ വരെയാണ് കമ്പനിയുടെ വിറ്റുവരവ്. 25 ഓളം പേർക്ക് 6,000 മുതൽ 10,000 വരെ ശമ്പളമായും നൽകുന്നു. ■

### വനിതാകൂട്ടായ്മകൾക്കായി 17 ലക്ഷം രൂപ സമ്മാനം

സംസ്ഥാനത്തെ വനിതാ കൂട്ടായ്മകൾക്ക് മനോരമ 17 ലക്ഷം രൂപ സമ്മാനമായി നൽകുന്നു. നല്ല കൂട്ടായ്മകൾക്കെല്ലാം അപേക്ഷിക്കാം. ആഴ്ചപ്പതിപ്പിന്റെ മൂന്നാം പേജ് കാണുക.

### പരിശീലനവും കിട്ടും: തൊഴിലുറപ്പും

# ഹെൽത്ത്കെയർ മേഖലയിൽ അവസരങ്ങളേറെ...

*ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്ര നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്കു പദ്ധതി വഴി സൗജന്യമായി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പു നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 15 വയസ്സു മുതൽ 35 വയസ്സുവരെ പ്രായമുള്ളവർക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. താമസവും ഭക്ഷണവും സൗജന്യമാണ്.*

ഹെൽത്ത്കെയർ മേഖലയിൽ പത്ത് പിഐഎകൾ വഴി വ്യത്യസ്തമായ 15ഓളം കോഴ്സുകളിലാണു പരിശീലനമേകുന്നത്. ഫാർമസി അസിസ്റ്റന്റ്, എമർജൻസി മെഡിക്കൽ ടെക്നീഷ്ൻ (ബേസിക്, അഡ്വാൻസ്ഡ്), മെഡിക്കൽ ലബോറട്ടറി ടെക്നീഷൻ, ഡെന്റൽ സിറാമിക് ടെക്നീഷൻ, ഡെന്റൽ ടെക്നീഷൻ, ഡെന്റൽ സിറാമിക് അസിസ്റ്റന്റ്, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, മെഡിക്കൽ റെക്കോർഡ്സ് ആൻഡ് ഹെൽത്ത് ഇൻഫർമേഷൻ ടെക്നീഷൻ, ജെറിയാട്രിക് അസിസ്റ്റന്റ് തുടങ്ങിയ കോഴ്സുകളിലാണ് ഡിഡിയുജികെവൈ പരിശീലനം നൽകുക. 4,063 പേർ ഈ മേഖലയിൽ പരിശീലനം നേടി. 2,725 പേർക്കു ജോലി ലഭിച്ചു. ശരാശരി 10,000 രൂപ ശമ്പളമായി ലഭിക്കുന്നു. വിവിധ ജില്ലകളിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങളില്ലാത്തവർക്ക് മറ്റു ജില്ലകളിൽ താമസിച്ചു പരിശീലനം നേടാനുള്ള സൗകര്യമുണ്ട്.

*കൂടുതൽ വിവരങ്ങൾക്കു താഴെ പറയുന്ന കോൾസെന്റർ നമ്പരിൽ വിളിക്കാം- 0484 2959595*

## കുടുംബശ്രീ ഇൻഫോ

### കുടുംബശ്രീക്കു മൂന്നു സ്കൊച്ച് അവാർഡ്

കേന്ദ്ര ഭവന പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) മികച്ച രീതിയിൽ കേരളത്തിൽ നടപ്പിലാക്കിയതിന് കുടുംബശ്രീക്കു മൂന്നു സ്കൊച്ച് (SKOCH) ഓർഡർ ഓഫ് മെറിറ്റ് അവാർഡുകൾ ലഭിച്ചു. 2022 ഓടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി നഗരമേഖലയിൽ മികവുറ്റ സംയോജന പ്രവർത്തനങ്ങൾ, പദ്ധതി ഗുണഭോക്താക്കൾക്കു വേണ്ടി കുടുംബശ്രീ വനിതാ കെട്ടിട നിർമാണ സംഘങ്ങൾ വഴി നടത്തിയ ഭവന നിർമാണം, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നുള്ള സംയോജനം എന്നിവയ്ക്കാണ് അവാർഡുകൾ ലഭിച്ചത്.